**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – ആലപ്പുഴ ജില്ല - 'മിഴാവ് 2017' സാംസ്കാരികോത്സവം – നടത്തിപ്പിന് 7 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായം - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 3095/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 20/09/2017

പരാമർശം:- 1. കുഞ്ചൻ നമ്പ്യാർ സ്മാരകം സെക്രട്ടറിയുടെ 11/08/2017 ലെ കത്ത്.

2. 16.02.2006 ലെ സ.ഉ.(എം.എസ്)58/06/തസ്വഭവ നമ്പർ ഉത്തരവ്.

**ഉത്തരവ്**

സംസ്ഥാന സാംസ്കാരിക വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അമ്പലപ്പുഴ കുഞ്ചൻ നമ്പ്യാർ സ്മാരക സമിതിയും ആലപ്പുഴ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലും ചേർന്ന് സംയുക്തമായി സെപ്റ്റംബർ 7,8,9 തീയതികളിൽ 'മിഴാവ് 2017' എന്ന പേരിൽ വിപുലമായ സാസ്കാരികോത്സവം അമ്പലപ്പുഴയിൽ നടത്തുകയാണെന്നും ആയതിന്റെ നടത്തിപ്പിലേക്ക് ആലപ്പുഴ ജില്ലാ പഞ്ചായത്ത്, അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത്, പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത്, പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത്, അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത്, അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത്, പുറക്കാട് ഗ്രാമ പഞ്ചായത്ത് എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് കുറഞ്ഞത് അൻപതിനായിരം രൂപ വീതം നൽകണമെന്നുമാണ് കുഞ്ചൻ നമ്പ്യാർ സ്മാരകം സെക്രട്ടറി പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നത്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന സാംസ്കാരിക വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അമ്പലപ്പുഴ കുഞ്ചൻ നമ്പ്യാർ സ്മാരക സമിതിയും ആലപ്പുഴ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലും ചേർന്ന് സംയുക്തമായി സെപ്റ്റംബർ 7,8,9 തീയതികളിൽ സംഘടിപ്പിച്ച 'മിഴാവ് 2017' സാംസ്കാരികോത്സവത്തിന്റെ നടത്തിപ്പിലേക്കായി ആലപ്പുഴ ജില്ലാ പഞ്ചായത്ത്, അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത്, പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത്, പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത്, അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത്, അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത്, പുറക്കാട് ഗ്രാമ പഞ്ചായത്ത് എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് 50,000/- (അമ്പതിനായിരം രൂപ മാത്രം) രൂപ വീതം പരാമർശം (2) ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി സംഭാവന ചെയ്യുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. സംഭാവന നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കുഞ്ചൻ നമ്പ്യാർ സ്മാരകം സെക്രട്ടറി ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി.ജെ.ഷുക്കൂർ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
ചെയർമാൻ/സെക്രട്ടറി, കുഞ്ചൻ നമ്പ്യാർ സ്മാരകം, അമ്പലപ്പുഴ – 688 561, ആലപ്പുഴ.
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ മുഖാന്തരം)
സെക്രട്ടറി, ആലപ്പുഴ ജില്ലാ പഞ്ചായത്ത്
സെക്രട്ടറി, അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത്
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ